**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1657** **08.06.2018 ൽ മറുപടിയ്ക്ക്**

# തരിശ് രഹിത മണ്ഡലം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി എത്ര തരിശ് ഭൂമിയുണ്ട് എന്നുളള കണക്ക് ലഭ്യമായിട്ടുണ്ടോ; പഞ്ചായത്തടിസ്ഥാനത്തിലുളള വിവരങ്ങൾ ലഭ്യമാക്കാമോ;

എ) ഉണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിലെ പഞ്ചായത്തടിസ്ഥാനത്തിലുള്ള തരിശു ഭൂമിയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാറശ്ശാല | 18.4 ഹെക്ടർ |
| അമ്പൂരി | 2 ഹെക്ടർ |
| കള്ളിക്കാട് | 5 ഹെക്ടർ |
| വെള്ളറട | 1 ഹെക്ടർ |
| ഒറ്റശേഖരമംഗലം | 3 ഹെക്ടർ |
| കൊല്ലയിൽ | 13.4 ഹെക്ടർ |
| പെരുങ്കടവിള | 5 ഹെക്ടർ |
| ആര്യങ്കോട് | 2 ഹെക്ടർ |
| കുന്നത്തുകാൽ | 4.2 ഹെക്ടർ |
| **ആകെ** | **54 ഹെക്ടർ** |

ബി) തരിശ് രഹിത മണ്ഡലം പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ബി) പാറശ്ശാല നിയോജക മണ്ഡലം തരിശു രഹിത മണ്ഡലമാക്കുന്നതിന്റെ ഭാഗമായി പ്രധാനമായും പച്ചക്കറി വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്ന തരിശു കൃഷിയും സമഗ്ര നെൽ കൃഷി വികസന പദ്ധതിയുടെ ഭാഗമായ തരിശു കൃഷിയും ജില്ലാ പഞ്ചായത്തിന്റെ ജൈവ സമൃദ്ധിയും നടപ്പിലാക്കുന്നു.

മേല്പറഞ്ഞ തരിശു കൃഷി പദ്ധതികൾക്കു പുറമെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജൈവകൃഷി

പദ്ധതി, ആത്മ പദ്ധതികൾ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവ പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട കൃഷിഭവനുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു.

തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയും നൽകും. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്.

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകി വരുന്നു.ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പു വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽകരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

Mayap

**സെക്ഷൻ ഓഫീസർ**